LIBRARY ARCHIVES Kerala Legislative Assembly

**ചടയമംഗലത്തെ കിൻഫ്ര ഫുഡ് പ്രൊഡക്ഷൻ സെന്റർ തുടങ്ങുന്നതിനുള്ള സർവ്വേ റിപ്പോർട്ട്**

16 (169) ശ്രീ. പ്രഭാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചടയമംഗലം നിയോജകമണ്ഡലത്തിൽ കുരിയോട് എം.സി. റോഡ് അരികിൽ ആലത്തറ മലപ്രദേശത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ ഒരു ഫുഡ് പ്രൊഡക്ഷൻ സെന്റർ തുടങ്ങുന്നതിലേക്ക് സർവ്വേ നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടോ ;

(ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ ആയതിലേക്ക് വേണ്ട മേൽ നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത പ്രദേശം പദ്ധതിക്ക് അനുകൂലമാണെങ്കിൽ അത് ആരംഭിക്കുന്നതിനായി തുടർനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഇല്ല. എന്നാൽ ഒരു സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ചശേഷം ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

പ്രത്യാശ പദ്ധതി

16 (170) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാർ വിഭാവനം ചെയ്തിട്ടുള്ള 'പ്രത്യാശ പദ്ധതി' നടപ്പിൽ വരുത്തിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പദ്ധതി പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു;

(സി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര സംരംഭങ്ങൾ വ്യവസായ വകുപ്പിന് അപേക്ഷ നൽകി കാത്തിരിക്കുന്നു. സർക്കാർ സാമ്പത്തികമായി എന്തെല്ലാം സഹായങ്ങളാണ് ആ യൂണിറ്റുകൾക്ക് നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രഖ്യാപനം അനുസരിച്ച് സംസ്ഥാനത്ത് ഇതിനകം 'പ്രത്യാശ' പദ്ധതിയുടെ ഭാഗമായി സർക്കാർ എത്ര യൂണിറ്റുകൾക്ക് എന്തുതുക വെബ്വഴിച്ചു കഴിഞ്ഞിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. 2005-06 സാമ്പത്തിക വർഷത്തിൽ 25000 ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനും തദ്വാരാ ഒരു ലക്ഷം പേർക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കുക എന്നതുമാണ് പ്രത്യാശാ പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയിലൂടെ സംരംഭങ്ങൾ തുടങ്ങുവാൻ താല്പര്യമുള്ളവരുടെ

രജിസ്ട്രേഷൻ 2005 ജൂലൈ മാസം 1 മുതൽ 31 വരെ സംസ്ഥാന ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും താലൂക്ക് വ്യവസായ ഓഫീസുകളിലും നടന്നു. 43070 പേർ രജിസ്റ്റർ ചെയ്തു. ഇതിൽനിന്നും വിവിധ തലത്തിലുള്ള സ്ക്രീനിംഗിനു ശേഷം 29.641 അപേക്ഷകൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ സംരംഭങ്ങൾക്ക് 'പ്രത്യാശ' പദ്ധതിയിലൂടെ താഴെ പറയുന്ന സേവനങ്ങൾ ലഭ്യമാക്കി പ്രവർത്തന സജ്ജമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്:

1. വിജയസാധ്യതയുള്ള പദ്ധതിയിലൂടെ ആവിഷ്കാരത്തിനുള്ള സഹായം.
2. സാങ്കേതിക ഉപദേശവും വിദഗ്ദ്ധ പരിശീലനവും
3. പദ്ധതിയുടെ പ്രോജക്ട് തയ്യാറാക്കാനുള്ള സഹായം
4. ഏക ജാലകം വഴി സമയബന്ധിത ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുക
5. പദ്ധതിക്കാവശ്യമായ മൂലധനം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാനുള്ള സഹായം
6. വ്യാവസായികാവശ്യത്തിനുള്ള സർക്കാർ സ്ഥലം മുൻഗണനാടിസ്ഥാനത്തിൽ ലഭ്യമാക്കുക.
7. വ്യാവസായിക സബ്സിഡി, മാർജിൻമണി ലോൺ ഇവ സമയബന്ധിതമായി, നിലവിലുള്ള ബന്ധപ്പെട്ട നിയമങ്ങൾക്കനുസൃതമായി ലഭ്യമാക്കുക
8. ഉല്പന്നങ്ങളും സേവനങ്ങളും വിപണനം ചെയ്യുവാനുള്ള സൗകര്യം ഒരുക്കുക
9. വ്യാവസായിക ക്ലസ്റ്റർ രൂപീകരണം, അസംസ്കൃതവസ്തു സംഭരിക്കുവാനുള്ള പദ്ധതി, പൊതുവിപണന സമ്പ്രദായം എന്നിവ ഒരുക്കുക തുടങ്ങിയവയാണ്.

(സി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് 43000-ത്തോളം സംരംഭങ്ങൾ വ്യവസായ വകുപ്പിന് അപേക്ഷനൽകി. ഇവയിൽ നെഗറ്റീവ് ലിസ്റ്റിൽപ്പെടാത്ത സംരംഭങ്ങൾക്ക് വ്യവസായ വകുപ്പ് നൽകിവരുന്ന മാർജിൻമണി വായ്പ, സംസ്ഥാന മൂലധന സബ്സിഡി തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതാണ്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കുന്ന നടപടി**

17 (171) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കുകയുണ്ടായോ :



LIBRARY ARCHIVES Kerala Legislative Assembly